## എന്താണ് ഐ.വൈ.എഫ്?

ഇൻറർനാഷണൽ യൂത്ത് ഫെഡറേഷൻ ഫോർ എൻവിയോൺമെൻറൽ സ്റ്റഡീസ് ആൻഡ് കൺസർവേഷൻ എന്നതിൻെറ ചുരുക്കപ്പേരാണ് ഐ.വൈ.എഫ്. 1956ൽ രാഷ്ട്രാന്തരീയ പ്രകൃതി സംരക്ഷണ സംഘടന (IUCN) മുൻകൈയെടുത്ത് സ്ഥാപിക്കപ്പെട്ട ഐ.വൈ.എഫ്. ഇന്ന് നാലു ഭൂഖണ്ഡങ്ങളിലായി 100ൽപരം അംഗങ്ങളുള്ള ഒരു ബൃഹത് ശൃംഖലയായി വളർന്നിരിക്കുന്നു. UNESCOയുടെ കൺസൾട്ടേറ്റീവ് 'B' പദവിയുള്ള ഐ.വൈ.എഫ്. പ്രകൃതിസംരക്ഷണത്തിനുള്ള 1989ലെ 'ഗ്ലോബൽ 500' പുരസ്കാരം നേടിയിട്ടുണ്ട്.

പരിസ്ഥിതിപഠനത്തിനും പ്രകൃതിസംരക്ഷണത്തിനും പ്രാമുഖ്യം കൊടുക്കുന്നതും പദ്ധതി ആസൂത്രണം മുതൽ ഭരണ നിർവ്വഹണം വരെ എല്ലാ പ്രവർത്തനങ്ങളും പൂർണ്ണമായും 30 വയസ്സിൽ താഴെയുള്ള യുവജനങ്ങൾ കൈകാര്യം ചെയ്യുന്നതുമായ സ്വയം പര്യാപ്തമായ സംഘടനകളായിരിയ്ക്കണം ഐ.വൈ.എഫ്. അംഗങ്ങൾ. ഒരു രാജ്യത്തു നിന്ന് ഒരു പൂർണ്ണ അംഗം മാത്രമെ പാടുള്ളൂ; എന്നാൽ ഭാരതത്തിൻെറ വൈവിധ്യം കണക്കിലെടുത്ത് ഒരു സംസ്ഥാനത്തുനിന്ന് ഒരു സംഘടന വീതം ഐ.വൈ.എഫിൽ അംഗമാകാവുന്നതാണ്.

ഐ.വൈ.എഫ്. പ്രവർത്തനങ്ങൾ എല്ലാം തന്നെ അംഗസംഘടനകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന സ്വതന്ത്ര കർമ്മ പരിപാടികളാണ്. ഈ പ്രവർത്തനങ്ങൾക്കുവേണ്ട സാങ്കേതിക-സാമ്പത്തിക സഹായം ലഭ്യമാക്കുക, രാഷ്ട്രാന്തരീയ തലത്തിൽ പ്രചരണം നൽകുക, ലോകത്തിൻെറ മറ്റു ഭാഗങ്ങളിലുള്ള സമാന്തര പ്രവർത്തനങ്ങളിൽ നിന്നുള്ള അനുഭവപാഠങ്ങൾ പങ്കുവയ്ക്കാൻ വേദിയൊരുക്കുക എന്നിവ മാത്രമാണ് ഐ.വൈ.എഫ്. കേന്ദ്രനേതൃത്വം ചെയ്യുന്നത്. അതിനാൽ പ്രാദേശിക പരിസ്ഥിതി വികസന പ്രശ്നങ്ങളെ മുൻഗണനയനുസരിച്ച് ഐ.വൈ.എഫ്. കർമ്മപരിപാടിയിൽ ഉൾപ്പെടുത്താൻ അംഗസംഘടനകൾക്കു കഴിയുന്നു. അതുകൊണ്ടുതന്നെ, ഊർജ്ജസ്വലവും ജാഗരൂകവും സ്വയംപര്യാപ്തവുമായ അംഗസംഘടനകളാണ് ഐ.വൈ.എഫിൻെറ ജീവൻ.

സുഗമമായ പ്രവർത്തനത്തിനുവേണ്ടി ഐ.വൈ.എഫിനെ നാലു മേഖലകളായി തിരിച്ചിട്ടുണ്ട്. ആഫ്രിക്ക, യൂറോപ്പ്, ലാറ്റിനമേരിക്ക, ഏഷ്യാ-പസഫിക്ക് എന്നിവയാണ് അവ. ഇതിൽ ഏഷ്യാ-പസഫിക്ക് മേഖലയുടെ ആസ്ഥാനം ഫിലിപ്പൈൻസിലെ മനീല ആണ്.

ഐ.വൈ.എഫിന് ഒരു സ്ഥിരമായ കേന്ദ്രകാര്യാലയം ഉണ്ടായിരുന്നിട്ടില്ല - അതാതുകാലത്തെ ആഗോള സെക്രട്ടറിയുടെ പ്രവർത്തനരംഗമായ നഗരത്തിലോ ഗ്രാമത്തിലോ ആയിരിക്കും ഐ.വൈ.എഫ്. കേന്ദ്രസെക്രട്ടറിയേറ്റ്. 1993 ജനുവരി മുതൽ ഐ.വൈ.എഫ്. കേന്ദ്രസെക്രട്ടറിയേറ്റ് തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്നു.

വികസനപ്രതിസന്ധിയോടൊപ്പം തന്നെ പരിസ്ഥിതി നാശന ഭീഷണിയും നേരിടുന്ന കേരളത്തിൽ യുവജനങ്ങൾക്കിടയിലെ പരിസ്ഥിതി അവബോധം വളർത്തേണ്ടത് അടിയന്തിരാവശ്യമായി തീർന്നിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിലെയും രാജ്യങ്ങളിലെയും വികസനപ്രക്രിയകളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട്, കേരളത്തിൻെറ വിഭവപരമായ ശക്തി-ദൗർബ്ബല്യങ്ങൾ മനസ്സിലാക്കി, പരിസ്ഥിതി വിനാശം കൂടാതെയുള്ള ഒരു വികസനപാത കണ്ടെത്തുക എന്നതാണ് നമ്മുടെ മുന്നിലുള്ള വെല്ലുവിളി. ഇതിലേക്ക് രാഷ്ട്രീയ-വർഗ്ഗീയ വ്യത്യാസമില്ലാതെ എല്ലാ യുവജനസംഘടനകളും മുന്നോട്ടുവരേണ്ടതാണ്. ഈ പ്രക്രിയ യ്ക്ക് ആഗോളതലത്തിൽ സഹായസഹകരണങ്ങൾ ലഭ്യമാക്കാനാകുമെന്ന് ഐ.വൈ.എഫ്. പ്രത്യാശിക്കുന്നു.

കേരളത്തിലെ ഐ.വൈ.എഫ്.അംഗസംഘടനയായി യുവജനസംഘടനകളുടെയും കോളേജ് തല പരിസ്ഥിതി ക്ലബ്ബുകളുടെയും ഒരു ശൃംഖല രൂപീകരിക്കുക എന്നതാണ് ഇതിൻെറ ആദ്യപടി. താൽപര്യമുള്ള സംഘടനകൾ ഐ.വൈ.എഫ്. സെക്രട്ടറിയേറ്റ്, 36/626, തിരുവനന്തപുരം - 8 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

ഐ.വൈ.എഫ് കേന്ദ്ര സെക്രട്ടറിയേറ്റ്
36/626
തിരുവനന്തപുരം-8

സുഹൃത്തേ,

ഐ.വൈ.എഫ്. പ്രവർത്തനങ്ങളിൽ താൽപര്യം പ്രകടിപ്പിച്ചുകൊണ്ട് താങ്കൾ അയച്ച കത്തു കിട്ടി. സംഘടനകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാനുള്ള ഒരു ഫോറം ഇതോടൊപ്പം അയയ്ക്കുന്നു. ദയവായി പൂരിപ്പിച്ച് തിരിച്ചയയ്ക്കുക.

നമ്മുടെ സംസ്ഥാനത്തിലെ ഓരോ ചെറുകോണുകളിലുമുള്ള യുവജനസംഘടനകളുടെ സഹകരണത്തോടുകൂടി പ്രാഥമിക പരിസ്ഥിതി സംരക്ഷണം (Primary Environmental Care) നടപ്പിൽ വരുത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം. അതാതു സ്ഥലവാസികളെ തങ്ങളുടെ ചുറ്റുപാടുമുള്ള പരിസ്ഥിതി-പ്രകൃതി സംരക്ഷണത്തിനു പ്രാപ്തരാക്കത്തക്ക രീതിയിൽ ബോധവൽക്കരണം നടത്തുക, അതോടൊപ്പം തന്നെ പ്രകൃതിനാശത്തിനിടവരാത്ത രീതിയിൽ വിഭവചൂഷണം നടത്തി ശാശ്വത വികസനം (Sustainable development) ഗ്രാമതലത്തിൽ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത, സാധ്യത എന്നിവയിലേക്ക് ജനശ്രദ്ധ ആകർഷിക്കുക വഴി പരിസ്ഥിതിവാദം വികസനത്തിനെതിരാണ് എന്ന മിഥ്യാധാരണ പൊളിച്ചെഴുതുക എന്നിവയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. തൊഴിലാളി-രാഷ്ട്രീയ-സന്നദ്ധസംഘടനകൾ പഠന-ഗവേഷണകേന്ദ്രങ്ങൾ, വ്യവസായികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗവൺമെന്റ് എന്നീ വിഭാഗങ്ങളുടെ ആത്മാർത്ഥ സഹകരണം ഈ പ്രക്രിയയ്ക്ക് ആവശ്യമാണ്. ഈ ഉദ്യമത്തിൽ താങ്കളും, താങ്കൾ പ്രതിനിധാനം ചെയ്യുന്ന സംഘടനയും സജീവമായി രംഗത്തുണ്ടാകുമെന്ന് എനിയ്ക്ക് ഉറപ്പുണ്ട്.

താങ്കളുടെയും സംഘടനയുടെയും എല്ലാ പ്രവർത്തനങ്ങൾക്കും ഐ. വൈ.എഫ്. സഹകരണം ഉറപ്പുതരുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

നന്ദിപൂർവ്വം

സുരേഷ്.എൻ.
ആഗോള സെക്രട്ടറി.